# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

## ഓപ്പറേഷൻ സ്വീപ്പ് പദ്ധതി

7399

ശ്രീ. എസ്. ശർമ്മ
,, എ. പ്രദീപ്കുമാർ
,, വി. ശിവൻകുട്ടി
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിൽ മാലിന്യനിക്ഷേപം തടയുക എന്ന ലക്ഷ്യം കൈവരിക്കാൻ സാദ്ധ്യമായിട്ടുണ്ടോ;

(ബി) കേരള പോലീസ് പ്രഖ്യാപിച്ച ഓപ്പറേഷൻ സ്വീപ്പ് പദ്ധതി നടപ്പിലായതായി തദ്ദേശ സ്വയം ഭരണ വകുപ്പിന് അഭിപ്രായമുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ശ്രമം നടത്തുമോ;

(സി) ഇതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് എന്തെങ്കിലും പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**മാലിന്യസംസ്കരണത്തിന് കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ നിർദ്ദേശങ്ങൾ**

7400

പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. പ്രദീപ്കുമാർ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാലിന്യസംസ്കരണത്തിന് മാതൃക സൃഷ്ടിക്കാൻ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടുള്ള പരിഷത്തിന്റെ മാതൃക എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) തദ്ദേശ സ്ഥാപനങ്ങളും ശാസ്ത്ര സാഹിത്യ പരിഷത്തും യോജിച്ചുകൊണ്ട് പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് തയ്യാറാകുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ഫലപ്രദമായ മാലിന്യ സംസ്ക്കരണ സംവിധാനം**

7401 ശ്രീ. റോഷി അഗസ്റ്റിന്
,, പി. സി. ജോര്ജ്
,, എം. വി. ശ്രേയാംസ് കുമാര്
ഡോ. എന്. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്ക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്ത് ഫലപ്രദമായ മാലിന്യ സംസ്ക്കരണ സംവിധാനം വ്യാപിപ്പിക്കുന്നതിന് നടപ്പു സാമ്പത്തിക വര്ഷം നീക്കിവച്ച തുകയില് കഴിഞ്ഞ മൂന്നു വര്ഷങ്ങളെ അപേക്ഷിച്ച് എന്ത് തുകയുടെ വര്ദ്ധനവാണ് വരുത്തിയിട്ടുളളത് എന്നും പ്രസ്തുത ഓരോ സാമ്പത്തിക വര്ഷവും നീക്കിവെച്ച തുകയുടെ അടിസ്ഥാനത്തില് വ്യക്തമാക്കുമോ;

(ബി) മാലിന്യ സംസ്ക്കരണ കാര്യത്തില് ഏറ്റവും അനുകരണീയമായ മാതൃക സ്വീകരിച്ചിട്ടുളള വിദേശ രാജ്യങ്ങള് ഏതെല്ലാമെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; എങ്കില് ഇതില് കേരളത്തിന് ഫലപ്രദവും അനുയോജ്യവുമായ മാലിന്യ സംസ്ക്കരണ സംവിധാനം ഏതാണ്; വിശദാംശങ്ങള് നല്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**മാലിന്യ നിർമ്മാർജ്ജനത്തിന് നടപടി**

**7402 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനത്തിനായി അടിയന്തിരമായി എന്തു നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാലിന്യ നിർമ്മാർജ്ജനം ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിക്കുമോ ;

(ഡി) ഇത്തരത്തിൽ പദ്ധതി ആവിഷ്ക്കരിക്കുകയാണെങ്കിൽ സംസ്ഥാനത്തെ വൈദ്യുതി ക്ഷാമത്തിന് ഒരു പരിഹാരം ഉണ്ടാക്കുവാനാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>ഉറവിടമാലിന്യസംസ്കരണ പദ്ധതി</u>**

**7403 ശ്രീ. സി. ദിവാകരന്‍**

താഴെ കാണുന്ന ചോദ്യത്തിന്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

മാലിന്യങ്ങള്‍ ഉറവിടത്തില്‍ത്തന്നെ സംസ്കരിക്കുന്നതിനുള്ള എന്ത് പദ്ധതിയാണ് നടപ്പിലാക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**നഗരസഭകളുടെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ**

**7404 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾ മാലിന്യനിർമ്മാർജ്ജനം എപ്രകാരമാണ് നടത്തുന്നതെന്ന് പരിശോധിക്കുവാനും ഇതിന് വീഴ്ച വരുത്തുന്ന നഗരസഭകൾക്കെതിരെ നടപടി സ്വീകരിക്കുവാനും നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ; മാലിന്യ നിർമ്മാർജ്ജനത്തിന് യാതൊരു നടപടിയും സ്വീകരിക്കാത്ത നഗരസഭകൾ സംസ്ഥാനത്തുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) വരുമാനമില്ലാത്തതിന്റെ പേരിൽ ഏതെങ്കിലും നഗരസഭ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വിമുഖത കാണിക്കുന്നുണ്ടോ; മാലിന്യനിർമ്മാർജ്ജനത്തിന് സർക്കാർ പ്രത്യേക ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഇത്തരം നഗരസഭകൾ കത്തുകൾ നൽകിയിട്ടുണ്ടോ;

(സി) ചേർത്തല നഗരസഭ മാലിന്യനിർമ്മാർജ്ജനത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**പൈപ്പ് കമ്പോസ്റ്റുകളും ഇ.എം. സൊല്യൂഷൻ ഉല്പാദനവും**

**7405**

**ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരസഭാ പരിധിയിലെ സ്ഥലപരിമിതിയുളള വീട്ടുടമകൾക്ക് മാലിന്യ സംസ്ക്കരണത്തിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുവാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്ന് അറിയിക്കുമോ;

(ബി) നഗരസഭാ പ്രദേശങ്ങളിൽ സ്ഥലപരിമിതിയുളളവരുടെ ഗാർഹിക മാലിന്യങ്ങൾ സംസ്ക്കരിക്കുവാൻ പൈപ്പ് കമ്പോസ്റ്റുകൾ ഗുണപ്രദമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പൈപ്പുകളിൽ തളിക്കുന്ന ഇ. എം. സൊല്യൂഷൻ കേരളത്തിൽതന്നെ ഉല്പാദിപ്പിക്കുവാനും എല്ലാ വീടുകളിലും സബ്സിഡി നിരക്കിൽ എത്തിക്കുവാനും നടപടി സ്വീകരിക്കുമോ;

(സി) മാലിന്യ സംസ്ക്കരണത്തിനും പകർച്ചവ്യാധികൾക്ക് കാരണമാകാവുന്ന രോഗാണുകളെ ചെറുക്കുന്നതിനും അനുയോജ്യമായ ഇ. എം. സൊല്യൂഷൻ ഉല്പാദിപ്പിക്കുന്നതിനുളള പരിശീലനം നഗരസഭാ വാർഡുതല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനും ആയത് ആവശ്യമായ അളവിൽ ഉല്പാദിപ്പിക്കുവാൻ വേണ്ട സഹായം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>നഗരശുചീകരണത്തിനും മാലിന്യനിർമ്മാർജ്ജനത്തിനും പോലീസിന്റെ സഹായം</u>**

**7406**

**ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരശുചീകരണത്തിനും, മാലിന്യനിർമ്മാർജ്ജനത്തിനുമായി പോലീസിന്റെ കഴിവും കർമ്മശേഷിയും ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി എപ്രകാരം ഫലപ്രദമായി നടത്താൻ സാധിക്കും എന്നതു സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ;

(സി) നിലവിൽ ഈ രീതിയിൽ നഗരശുചീകരണത്തിനും മാലിന്യനിർമ്മാർജ്ജനത്തിനുമായി പോലീസിനെ ഉപയോഗപ്പെടുത്തുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**നഗരങ്ങളിൽ മാലിന്യം സംസ്ക്കരിക്കുന്നതിന് മൊബൈൽ ഇൻസിനറേറ്ററുകൾ**

7407 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ മാലിന്യം സംസ്ക്കരിക്കുന്നതിന് മൊബൈൽ ഇൻസിനറേറ്ററുകൾ ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) എവിടെയെല്ലാമാണ് പ്രസ്തുത സംവിധാനം നടപ്പാക്കിവരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എല്ലാ നഗരങ്ങളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>സ്വകാര്യ സ്ഥാപനങ്ങളിലെ ജൈവമാലിന്യ സംസ്ക്കരണം</u>**

**7408 ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യത്തിന്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

1994 ലെ കേരള മുനിസിപ്പൽ ആക്ട് 330-ാം വകുപ്പ് പ്രകാരം വാസസ്ഥലം ഒഴികെയുള്ള അപ്പാർട്ട്മെന്റുകൾ, വ്യാപാരസ്ഥാപനങ്ങൾ, കല്യാണ മണ്ഡപങ്ങൾ, ഹോട്ടലുകൾ, അറവുശാലകൾ, ചിക്കൻസ്റ്റാളുകൾ, ചന്ത മുതലായ സ്ഥലങ്ങളിലെ ജൈവമാലിന്യങ്ങൾ അതത് സ്ഥലത്ത് തന്നെ സംസ്ക്കരിക്കാനുള്ള ബാധ്യത ആതത് സ്ഥാപനങ്ങൾക്കാണ് എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നത് അനുസരിച്ച് തിരുവനന്തപുരം കോർപ്പറേഷനിലെ ഇത്തരം സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളെ സംബന്ധിച്ച് ഏറ്റവും ഒടുവിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി</u>

7409

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള മുനിസിപ്പാലിറ്റി കേട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ, എന്തെല്ലാം ഭേദഗതികളാണ് പരിഗണനയിലുളളതെന്നറിയിക്കാമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**നഗരസഭാ പരിധിയിൽ പണിയുന്ന വീടുകളുടെ വിസ്തീർണ്ണത്തിൽ നിയന്ത്രണം**

7410 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരസഭാപരിധിയിൽ വീടുകൾ നിർമ്മിക്കുമ്പോൾ കുടുംബത്തിലെ താമസക്കാരുടെ എണ്ണം, വീട്ടുടമയ്ക്ക് ആവശ്യമുള്ള വിസ്തീർണ്ണം അവരുടെ പ്രാഥമികാവശ്യങ്ങൾക്കുവേണ്ട സ്ഥലം മുതലായ കാര്യങ്ങൾ പരിശോധിച്ച് അവശ്യംവേണ്ട സൗകര്യങ്ങളോടും വലിപ്പത്തോടും കൂടിയ വീടുകൾ മാത്രം നിർമ്മിക്കുവാൻ അനുമതി നൽകുന്ന പുതിയ നിയമ നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ;

(ബി) അംഗസംഖ്യയുമായി യാതൊരു പൊരുത്തവുമില്ലാത്തത്ര വലിപ്പമുള്ള വീടുകൾ ഒഴിവാക്കി ആവശ്യമായ വലിപ്പത്തിലുള്ള വീടുകൾ മാത്രം നിർമ്മിക്കുവാനും നിർമ്മിച്ച വീടുകൾ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സാഹചര്യം ഒഴിവാക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ഭക്ഷണശാലകളിൽ പരിശോധനയ്ക്കായി പ്രത്യേക സ്ക്വാഡ്**

**7411 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നഗരങ്ങളിലെ ഭക്ഷണശാലകളിൽ പഴകിയതും വൃത്തിഹീനവുമായ ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതായി റിപ്പോർട്ടുചെയ്യപ്പെടുന്ന സാഹചര്യത്തിൽ പരിശോധനകൾ നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) 2012 ജനുവരി മുതൽ 2012 ജൂൺ വരെ വിവിധ കോർപ്പറേഷൻ മേഖലകളിൽ ഫുഡ് ഇൻസ്പെക്ടർമാർ ഇത്തരത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ലൈസൻസ്</u>

7412 ശ്രീ. എം.എ. വാഹിദ്
'' ലൂഡി ലൂയിസ്
'' ഷാഫി പറമ്പിൽ
'' കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ലൈസൻസിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ലൈസൻസ് ആർക്കൊക്കെയാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത ലൈസൻസിന്റെ പേര് മാറ്റാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ**
**ലൈസന്‍സില്ലാതെ മദ്യവ്യാപാരം**

7413 **ശ്രീ. പി. റ്റി. എ റഹീം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളില്‍ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസന്‍സ് ഇല്ലാതെ മദ്യവ്യാപാരം നടത്തുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) അസഹ്യവും ആപല്‍ക്കരവുമായ വ്യാപാരം നടത്തുന്നതിനുള്ള ലൈസന്‍സുകള്‍ ഇല്ലാതെ മദ്യവ്യാപാരം നടത്തുന്നതിനെതിരെ നഗരപാലികാ നിയമമനുസരിച്ച് നടപടിയെടുക്കുവാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>പുതുതായി നിലവിൽ വന്ന നഗരസഭകൾക്ക് ആസ്ഥാന മന്ദിരം</u>**

**7414 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി നിലവിൽ വന്ന നഗരസഭകൾക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കാൻ എത്ര രൂപയാണ് അനുവദിച്ചിരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇനിയും സ്ഥലം ലഭ്യമാക്കാൻ കഴിയാത്തതിനാൽ പ്രസ്തുത തുക വിനിയോഗിക്കാൻ കഴിയാത്ത നഗരസഭകൾക്ക് സ്ഥലം വാങ്ങുവാൻ കൂടുതൽ തുക അനുവദിക്കുകയോ സ്ഥലം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്യുമോ;

(സി) നീലേശ്വരം നഗരസഭ സ്ഥലം ലഭ്യമാക്കുന്നതിന് സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 17.07.2012 -ലെ മറുപടിക്ക്

## <u>വടകര മുനിസിപ്പാലിറ്റിയിലെ ഭവനപദ്ധതി</u>

7415 **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വടകര മുനിസിപ്പാലിറ്റിയിൽ ഇ. എം. എസ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണാനുകൂല്യം ലഭിക്കേണ്ട 167 കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് എന്തുകൊണ്ടാണ് സഹായം ലഭ്യമാകാതിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അർഹതയുണ്ടായിട്ടും ആനുകൂല്യം ലഭിക്കാത്തവർക്ക് ധനസഹായം ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്ക്**

7416 **ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യത്തിന്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി 11.7.2011-ലെ ട്രാഫിക് അഡ്വൈസറി കമ്മിറ്റി എടുത്തതും ആർ.ടി.ഒ. അംഗീകരിച്ചതുമായ തീരുമാനങ്ങൾ നടപ്പിലാക്കാത്ത വകുപ്പുകൾക്കെതിരെ നഗരസഭ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?**

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>നവീന അറവുശാലകള്‍ നിര്‍മ്മിക്കുന്നതിന് പദ്ധതി</u>**

**7417 ശ്രീ. എം. ചന്ദ്രന്‍**

**താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്**
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
**സദയം മറുപടി നല്‍കുമോ:**

(എ) **സംസ്ഥാനത്ത് നവീന അറവുശാലകള്‍ നിര്‍മ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;**

(ബി) **എങ്കില്‍ ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഏതിനത്തിലാണ് തുക വകയിരുത്തിയിട്ടുള്ളതെന്നും അറിയിക്കുമോ;**

(സി) **സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നത്?**

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ആധുനിക അറവുശാലകളുടെ നവീകരണം**

**7418** **ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരപ്രദേശങ്ങളിൽ ആധുനിക അറവുശാലകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 2012-13 സാമ്പത്തിക വർഷം എന്ത് തുക നീക്കിവച്ചിട്ടുണ്ട് ;

(ബി) ഈ പദ്ധതിയിൻപ്രകാരം 2012-13 സാമ്പത്തികവർഷം ലക്ഷ്യമിടുന്ന ഭൗതിക നേട്ടങ്ങൾ എന്തൊക്കെയാണ് ;

(സി) ഈ പദ്ധതി നടപ്പാക്കുന്നത് ഏതെല്ലാം നഗരസഭകളിലാണ് ; പ്രസ്തുത നഗരസഭകൾക്ക് തുക കൈമാറിയോ ;

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### തിരുവനന്തപുരം നഗരത്തിലെ അറവുശാലകൾ

**7419 ശ്രീ. കെ. മുരളീധരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ അംഗീകൃത അറവുശാലകൾ ഏതൊക്കെയാണ്; ഇവിടെ ദിനംപ്രതി ശരാശരി എത്ര മൃഗങ്ങളെ കശാപ്പ് ചെയ്യുന്നുണ്ട്;

(ബി) തിരുവനന്തപുരം നഗരത്തിൽ എത്ര അംഗീകൃത മാംസ വ്യാപാരികൾ ഉണ്ട്; ഇവരിൽ എത്രപേർ അംഗീകൃത അറവുശാലകളെ ആശ്രയിക്കുന്നുണ്ട്;

(സി) അനധികൃത കശാപ്പ് നടത്തി മാംസകച്ചവടം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത് ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### സുസ്ഥിര നഗര വികസന പദ്ധതി

7420 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, വി. ശശി
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുസ്ഥിര നഗര വികസന പദ്ധതിക്ക് തുടക്കം കുറിച്ചതെന്നാണ്; ഇതിന്റെ കീഴിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ പുരോഗതി എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ശാരീരികമായും മാനസികമായും വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുളള ബഡ്സ് സ്കൂളുകൾ സ്ഥാപിക്കുന്നതിനുളള നടപടികൾ ഏതുവരെയായി; ഇതിനകം എത്ര സ്കൂളുകൾ സ്ഥാപിച്ചു ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### സുസ്ഥിര നഗരവികസന പദ്ധതി

7421 ശ്രീ. കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര നഗരവികസന പദ്ധതി ആരുടെ സഹായത്തോടു കൂടിയാണ് നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ കാലാവധി അവസാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പിലാക്കാൻ സാവകാശം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ എത്ര വർഷത്തേയ്ക്കാണ് സാവകാശം അനുവദിച്ചിട്ടുള്ളത്;

(ഇ) പ്രസ്തുത കാലയളവിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനുള്ള ശ്രമം നടത്തുമോ ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**കേരള സുസ്ഥിര നഗര വികസന പദ്ധതി**

7422 **ശ്രീ. ഇ. പി. ജയരാജൻ**
**,, ജി. സുധാകരൻ**
**,, ബി. ഡി. ദേവസ്സി**
**,, കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 -ൽ കേരള സുസ്ഥിര നഗര വികസന പദ്ധതിക്ക് ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിരുന്നു;

(ബി) 2011-12 ൽ ഈ പദ്ധതി നടത്തിപ്പിലൂടെ എന്ത് ലക്ഷ്യം കൈവരിക്കാനാണ് ഉദ്ദേശിച്ചിരുന്നത് ; അത് പൂർണ്ണമായും കൈവരിക്കാൻ സാധിച്ചുവോ ;

(സി) പ്രസ്തുത പദ്ധതി അനുസരിച്ച് കോർപ്പറേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കിയത് എന്നറിയിക്കാമോ ; ഏതെല്ലാം കോർപ്പറേഷനുകളിൽ ഇത് നടപ്പാക്കി ;

(ഡി) ഈ പദ്ധതിക്ക് 2011-12 -ൽ വകയിരുത്തിയ തുകയിൽ നിന്നും എന്തു തുക ചെലവഴിച്ചു?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികൾ**

7423 ശ്രീ. ജോസഫ് വാഴക്കൻ
,, എം. പി. വിൻസെന്റ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതികൾ തയ്യാറാക്കുന്നതിന് ഏത് അംഗീകൃത ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്;

(സി) ഇത് സംബന്ധിച്ച് അനുമതി വാങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ജെ. എൻ. എൻ. യു. ആർ.എം പ്രവർത്തനങ്ങളുടെ മന്ദഗതി**

7424 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഷാജി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗര കാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണമിഷന്റെ പ്രവർത്തനങ്ങൾ മന്ദഗതിയിലാകാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കണ്ടെത്തിയ പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) 2006-2007 മുതൽ 2010-11 വരെയുള്ള കാലഘട്ടത്തിൽ ഈ പദ്ധതി നടത്തിപ്പിൽ മുൻ സർക്കാർ വിജയിച്ചിരുന്നുവോ; ഇല്ലെങ്കിൽ പരാജയത്തിനിടയാക്കിയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) അതിന്റെ വെളിച്ചത്തിൽ പദ്ധതി പ്രവർത്തനം ഊർജ്ജസ്വലമാക്കാനും പരമാവധി വികസനം സാദ്ധ്യമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### മുനിസിപ്പാലിറ്റികളുടെ ഡെവലപ്പ്മെന്റ് പ്ലാൻ

7425 ശ്രീ. പി. ഉബൈദുള്ള
,, വി.എം. ഉമ്മർ മാസ്റ്റർ
,, എൻ.എ. നെല്ലിക്കുന്ന്
,, കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികൾക്ക് ഡെവലപ്പ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) മുനിസിപ്പാലിറ്റികൾക്കുള്ള ഡെവലപ്പ്മെന്റ് പ്ലാനുകൾ തയ്യാറാക്കുമ്പോൾ എത്ര കാലത്തേയ്ക്കുള്ള വികസനം മുന്നിക്കണ്ടാണ് പ്ലാനുകൾ തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഡെവലപ്പ്മെന്റ് പ്ലാനുകൾ തയ്യാറാക്കുമ്പോൾ മുനിസിപ്പാലിറ്റികളുടെ സ്ഥലപരിമിതി, വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ, പരിസ്ഥിതി സംരക്ഷണം, ആവശ്യമായ ജലസ്രോതസ്സുകൾ എന്നിവ കൂടി പരിഗണിക്കാറുണ്ടോ എന്നും കുറ്റമറ്റപ്ലാനുകൾ തയ്യാറാക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാറുള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**അങ്കമാലിയിലെ അറവുശാലകളുടെ നവീകരണം**

**7426 ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മുൻസിപ്പാലിറ്റിയിലെ അറവുശാലകൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>മാലിന്യസംസ്കരണത്തിന് വിദേശ മാതൃക</u>

7427

**ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും മാലിന്യം സംസ്കരിക്കുന്നതിനും മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനും വിദേശമാതൃക സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സംസ്ഥാനത്തെ ഏതൊക്കെ മുനസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമാണ് പ്രസ്തുത വിദേശമാതൃക സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശമാതൃക വഴി മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ആഗോള ടെൻഡർ വിളിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ രാജ്യങ്ങളിൽ നിന്നാണ് ടെൻഡറുകൾ വിളിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ദിവസേന എത്ര ടൺ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റുകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; ഇത്തരത്തിൽ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശമുണ്ടോ; അതിന് കെ.എസ്.ഇ.ബി.യുമായി ധാരണ ആയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) റെയിൽവേയുടേതുൾപ്പെടെയുള്ള മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നതുവഴി ആയിരക്കണക്കിനാളുകൾ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ വിദേശമാതൃകയിലുള്ള മാലിന്യസംസ്കരണ പ്ലാന്റ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### കോർപ്പറേഷനുകളിലെ ഖരമാലിന്യം പായ്ക്കറ്റുകളിലാക്കുന്ന പദ്ധതി

7428 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലെ ഖരമാലിന്യം പായ്ക്കറ്റുകളിലാക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദമാക്കുമോ;

(ബി) ഇപ്രകാരം പായ്ക്കറ്റുകളിലാക്കാൻ എന്ത് സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിനുവേണ്ടി യന്ത്രങ്ങൾ വാങ്ങാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു. ഇതിനായി എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ പായ്ക്കറ്റുകളിലാക്കുന്ന മാലിന്യങ്ങൾ എത്ര ദിവസം വരെ സൂക്ഷിക്കുവാൻ സാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; ഇതിലേക്ക് കുടുംബശ്രീ ക്ലീൻവെൽ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുമോ; പ്രസ്തുത സംരംഭം എന്നുമുതൽ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇപ്രകാരം ഖരമാലിന്യം പായ്ക്കറ്റുകളിലാക്കുന്ന പദ്ധതി മുനിസിപ്പാലിറ്റികളിൽ കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>പദ്ധതിനിർവ്വഹണത്തിലെ നിബന്ധനകൾ</u>

7429 **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പദ്ധതി നടത്തിപ്പിൽ ഉത്പാദന-സേവന മേഖലകളിൽ എത്ര ശതമാനം തുകയാണ് ചെലവഴിക്കേണ്ടതെന്ന് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ;

(ബി) ഉത്പാദന സേവന മേഖലകളിൽ നിന്ന് തദ്ദേശസ്ഥാപനങ്ങൾ പിൻവാങ്ങുന്നത് ഭക്ഷ്യോൽപ്പാദനം, ദുർബ്ബലവിഭാഗങ്ങളുടെ ഉന്നമനം എന്നിവയ്ക്ക് തടസ്സമാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.07.2012 -ലെ മറുപടിക്ക്

## <u>മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാരുടെ റിട്ടയർമെൻറ് ആനുകൂല്യങ്ങൾ</u>

7430 **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ, പെൻഷൻ എന്നിവ നൽകുന്നതിൽ അതത് സ്ഥാപനങ്ങൾക്കുളള ബാധ്യത എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകുന്നതിന് വേണ്ടി ഇപ്പോൾ പെൻഷൻ നൽകുന്നതിന് ഏർപ്പെടുത്തിയിരിക്കുന്നതുപോലെയുളള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വിരമിക്കുമ്പോൾ ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്ന് നൽകേണ്ടി വരുന്നത് പ്രസ്തുത സ്ഥാപനത്തിന് വൻ സാമ്പത്തിക ബാധ്യത വരുത്തുന്നതായുളള കാര്യം പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ലോ ഫ്ളോർ ബസുകൾ**

7431 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് ഇതിനകം എത്ര എ.സി., നോൺ എ.സി. ലോ ഫ്ളോർ ബസുകളാണ് നിരത്തിലിറക്കിയത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ലോ ഫ്ളോർ ബസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ലോ ഫ്ളോർ ബസുകൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ; പ്രസ്തുത ബസുകളുടെ ശരാശരി വരുമാനം എത്ര രൂപയാണ് ;

(ഇ) കൂടുതൽ ലോ ഫ്ളോർ ബസുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ലോ ഫ്ളോർ ബസുകൾ കുടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ജി) സംസ്ഥാനത്തെ നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ടൗൺ ടു ടൗൺ സർവ്വീസുകൾ ലോ ഫ്ളോർ ബസുകൾ ഉപയോഗിച്ച് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>കെ.എസ്.യു.ഡി.പി റോഡ് വികസന പദ്ധതികള്‍</u>

7432 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.യു.ഡി.പി പ്രകാരം സംസ്ഥാനത്ത് എത്ര രൂപയുടെ റോഡ് വികസന പദ്ധതികളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ കീഴില്‍ ഏതെല്ലാം കോര്‍പ്പറേഷനുകളില്‍ ഏതെല്ലാം പ്രവര്‍ത്തികളാണ് നടന്നുവരുന്നത് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവര്‍ത്തികള്‍ എന്ന് ആരംഭിച്ചു എന്നും എന്നത്തേക്ക് പൂര്‍ത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത് എന്നും വ്യക്തമാക്കുമോ;

(സി) നിലവിലുള്ള സ്ഥിതി അനുസരിച്ച് പ്രസ്തുത റോഡുകളുടെ പണി എന്നത്തേക്ക് പൂര്‍ത്തിയാക്കാന്‍ കഴിയുമെന്നാണ് കരുതുന്നത്;

(ഇ) കെ.എസ്.യു.ഡി.പി പ്രകാരമുള്ള പ്രവൃത്തികള്‍ സമയബന്ധിതമായി പൂര്‍ത്തിയാക്കുന്നതിന് തടസ്സമായി നില്‍ക്കുന്ന സംഗതികള്‍ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത തടസ്സങ്ങള്‍ നീക്കുന്നതിന് കൈക്കൊണ്ടുവരുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>നഗരവികസനത്തിനുള്ള മാസ്റ്റർ പ്ലാനുകൾ</u>

7433 ശ്രീ. അൻവർ സാദത്ത്
'' ബെന്നി ബെഹനാൻ
'' സി. പി. മുഹമ്മദ്
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരവികസനത്തിനായുള്ള മാസ്റ്റർ പ്ലാനുകൾ ആരാണ് തയ്യാറാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) മാസ്റ്റർ പ്ലാനുകൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ലെങ്കിൽ അവ തയ്യാറാക്കാൻ മറ്റ് ഏജൻസികളെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### ആറ്റുകാൽ വികസന പദ്ധതി

7434 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നേമം നിയോജക മണ്ഡലത്തിലെ ആറ്റുകാൽ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെങ്കിലും പ്രവൃത്തികൾ വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ അവയിൽ ഓരോ പ്രവൃത്തിയും ഏതു വകുപ്പു മുഖേന, ഏതു നഗരസഭാ വാർഡിൽ നടപ്പിലാക്കിയെന്നും ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നതും എന്നാൽ പൂർത്തിയാകാത്തതുമായ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ന്യൂനപക്ഷക്ഷേമ പദ്ധതികൾ**

7435 **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന വിവിധ ന്യൂനപക്ഷക്ഷേമ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ക്രിയാത്മകമായി നടപ്പാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) വിവിധ ക്ഷേമ പദ്ധതികളെപ്പറ്റി കൂടുതൽ ബോധവൽക്കരണം നടത്തുന്നതിന് പ്രൊമോട്ടർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) എങ്കിൽ അവരുടെ യോഗ്യത, എണ്ണം, ജോലിയുടെ സ്വഭാവം എന്നിവ വ്യക്തമാക്കാമോ ;

(ഇ) ഓരോ ജില്ലയിലും ന്യൂനപക്ഷക്ഷേമ പദ്ധതികൾ നടപ്പാക്കുന്ന തിനും ബോധവൽക്കരണത്തിനും പ്രമോട്ടർമാരെ നിയമിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**പയ്യന്നൂരിൽ മുസ്ലീം യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രം**

7436 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ മുസ്ലീം യുവജനങ്ങൾക്കായി പ്രവർത്തിച്ചു വരുന്ന പരിശീലന കേന്ദ്രത്തിൽ കഴിഞ്ഞ ഒരു വർഷമായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ എത്ര പേർക്ക് ദിവസവേതന അടിസ്ഥാനത്തിൽ തുടരാനുള്ള അനുമതി നൽകിയിട്ടുണ്ടെന്ന് പേരും, തസ്തികയും തിരിച്ച് വിശദമാക്കുമോ;

(ബി) ദിവസവേതന അടിസ്ഥാനത്തിൽ തുടർന്നിരുന്ന ജീവനക്കാരിൽ ആരെയെങ്കിലും ഒഴിവാക്കി പുതിയ ആൾക്ക് നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഒഴിവാക്കപ്പെട്ടവരുടെയും പുതുതായി നിയമിച്ചവരുടെയും പേരും തസ്തികയും വിശദമാക്കുമോ;

(സി) പുതുതായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ അത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നും, ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ കാരണവും വിശദമാക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ**

7437 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനു വേണ്ടി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷൻ</u>**

7438 ശ്രീ. റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ടിയുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ?